ഭരണഭാഷ-മാതൃഭാഷ

പള്ളം ബ്ലോക്ക് പഞ്ചായത്ത്
പിൻ കോഡ്- 686010
GSTIN:32AAALS8055P1ZG ഫോൺ നമ്പർ : 0481-2574665
bdopallom@gmail.com

നമ്പർ: 7386487-2026 **തീയതി : 06-10-2026**

പുനർലേല/ക്വട്ടേഷൻ-2 നോട്ടീസ് പരസ്യം

-

പള്ളം ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ സ്ഥിതി ചെയ്യുന്ന 18 മരങ്ങൾ ക്വട്ടേഷൻ/ലേലം ചെയ്ത് വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. പള്ളം ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ വച്ച് നടത്തുന്ന പരസ്യ ലേലത്തിൽ വ്യക്തികൾക്കും/ സ്ഥാപനങ്ങൾക്കും പങ്കെടുക്കാവുന്നതും കൂടുതൽ തുക ലേലം കൊള്ളുന്ന/ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതായിരിക്കും. ലേലം ആരംഭിക്കുന്നതിന് മുമ്പായി നിരത ദ്രവ്യമായി 10,000/- (പതിനായിരംരൂപ മാത്രം) രൂപ ഡിഡി ആയോ പണമായോ കെട്ടി വെക്കേണ്ടതാണ്. ലേലം കൈക്കൊള്ളുന്നയാൾ/സ്ഥാപനം ലേലം ഉറപ്പിച്ച ഉടൻ തന്നെ ലേല തുക മുഴുവനും 18% GST നികുതിയും ഫോറസ്റ്റ് സെസ്സ് 5% വും IT 2.5% വും ചേർത്ത് കെട്ടിവെക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ നിശ്ചിത നിരതദ്രവ്യം അടവാക്കിയ രസീത്/ഡിഡി ഉള്ളടക്കം ചെയ്ത് ആലേഖനം ചെയ്ത കവറിൽ ലേല തീയതിയുടെ തലേ ദിവസം ഉച്ചകഴിഞ്ഞ് മൂന്ന് മണിക്കകം ഈ ഓഫീസിൽ ലഭിക്കത്തക്ക രീതിയിൽ നേരിട്ടോ താപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ പൂർണ്ണമായോ ഭാഗികമായോ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം പള്ളം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷൻ/ലേലത്തിനുള്ള എല്ലാ നിയമങ്ങളും ടി ക്വട്ടേഷൻ/ലേലത്തിനും ബാധകമായിരിക്കും. ക്വട്ടേഷൻ/ലേലം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിന് എല്ലാ പ്രവൃ ലസരത്തി ദിനങ്ങളിലും ഓഫീസ് സമയത്ത് (രാവിലെ 10.00 മണി മുതൽ 5.00 മണി വരെ) സൌകര്യമുണ്ടായിരിക്കുന്നതാണ്.

ലേലം ചെയ്യുന്ന മരങ്ങളുടെ വിവരങ്ങൾ

ക്രമ നം	**ഇനം**	**ചുറ്റുവണ്ണം CM (BH)**	**വ്യാപ്തം (m^3)**	
			തടി	വിറക്
1	പൊങ്ങല്യം (മട്ടി)	185	1.503	1.554

2	പൊങ്ങല്യം (മട്ടി)	145	0.932	0.747
3	പൊങ്ങല്യം (മട്ടി) (ബ്രാഞ്ച് - 1)	140	0.8	0.618
4	പൊങ്ങല്യം (മട്ടി) (ബ്രാഞ്ച് - 2)	140	0.8	0.618
5	ആഞ്ഞിലി (IB)	126	0.294	0.924
6	പൊങ്ങല്യം (മട്ടി)	185	1.503	1.554
7	പൊങ്ങല്യം (മട്ടി)	190	1.503	1.554
8	പൊങ്ങല്യം (മട്ടി)	140	0.8	0.618
9	പൊങ്ങല്യം (മട്ടി)	185	1.503	1.554
10	പൊങ്ങല്യം (മട്ടി)	200	1.659	1.831
11	പൊങ്ങല്യം (മട്ടി)	120	0.552	0.443
12	പൊങ്ങല്യം (മട്ടി)	184	1.352	1.309
13	പൊങ്ങല്യം (മട്ടി)	132	0.674	0.515
14	പൊങ്ങല്യം (മട്ടി)	149	0.932	0.747
15	ആഞ്ഞിലി (IB)	200	1.137	1.932
16	പൊങ്ങല്യം (മട്ടി)	230	2.15	2.823
17	പൊങ്ങല്യം	130	0.674	0.515

	(മട്ടി)			
18	മഹാഗണി (I B)	130	0.708	0.329

2. മരങ്ങൾ സ്ഥിതി ചെയ്യുന്ന

കാര്യാലയത്തിന്റെ മേൽ വിലാസം : Pallom Block Panchayath, Vadavathoor PO

Kottayam,686010

3. പരിശോധനയ്ക്കായി മരം ഉള്ള സ്ഥലം : പള്ളം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട്

4**. ആകെ ലേലം ചെയ്യുന്ന ആകെ മരങ്ങളുടെ എണ്ണം : 18**

5. അടിസ്ഥാന വില : 324152/-

6. **നിരതദ്രവ്യം : 10000/- രൂപ**

7.**ലേല തീയതി : 14/10/2026**

8. **നിരതദ്രവ്യം കെട്ടിവെക്കേണ്ട അവസാന തീയതി : 14/10/2026, 1 PM വരെ**

9. **ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി : 13/10/2026, 3.00 പി.എം വരെ**

10. ലേലം നടത്തുന്ന സ്ഥലവും തീയതിയും സമയവും: സാരംഗി ഓഡിറ്റോറിയം, പള്ളം ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം, 14/10/2026 2.30 പി.എം

വ്യവസ്ഥകൾ

1.ലേലത്തിൽ പങ്കെടുക്കാൻ അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

2. നിരതദ്രവ്യം അടക്കാത്തവരെ ലേലത്തിൽ പങ്കെടുക്കുവാൻ അനുദിക്കുന്നതല്ല.

3.ഏറ്റവും കൂടുതൽ തുക വിളിക്കുന്ന/ക്വട്ടേഷൻ സമർപ്പിക്കുന്ന അളിന്റെ/ സ്ഥാപനത്തിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും പള്ളം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്.

4.ക്വട്ടേഷൻ/ലേലം ഉറപ്പിച്ച് കിട്ടുന്ന ആൾ/സ്ഥാപനം 200/- രൂപ വിലയുള്ള മുദ്ര പത്രത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

5.ക്വട്ടേഷൻ/ലേലം സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസിൽ നിന്ന്

പ്രവൃത്തി ദിനങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ അറിയാവുന്നതാണ്.

6.ക്വട്ടേഷൻ/ലേലം തക്കതായ കാരണത്താൽ മാറ്റി വെയ്ക്കുന്നതിനോ നിർത്തി വയ്ക്കുന്നതിനോ ലേലം നടത്തുന്നയാൾക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

7.ലേലം/ക്വട്ടേഷൻ കൊള്ളുന്നയാൾ ലേലത്തുകയും ആയതിന്റെ 18% GST, 5% FDT, 2.5% IT എന്നിവ ഉടൻ അടവാക്കി രസീത് കൈപ്പറ്റേണ്ടതാണ്.

8.ക്വട്ടേഷൻ/ലേലം അംഗീകരിച്ചതിനു ശേഷം ടി വസ്തു ക്വട്ടേഷൻ/ലേലം കൊണ്ട ആൾ/സ്ഥാപനം സ്വന്തം ചെലവിൽ 15 ദിവസത്തിനകം മരങ്ങൾ നീക്കം

ചെയ്യേണ്ടതാണ്.

9. മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ലേലാവകാശം യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതും ആയത് മൂലം ഉണ്ടാകുന്ന നഷ്ടം ടി വ്യക്തിയിൽ/സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതുമാണ്.

10.ലേലത്തിൽ പങ്കെടുക്കുന്നവർ പള്ളം ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ലേല വസ്തു നേരിൽ കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്.

11.ലേലം നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന ദിവസം പൊതു അവധി ആയാൽ തൊട്ടടുത്ത ദിവസം മേൽ പരാമർശിച്ച സ്ഥലത്ത് അതേ സമയം ലേലം നടത്തുന്നതാണ്.

Signature Not Verified
Digitally signed by Rahul G Krishnan
Date: 2026.10.06 15:41:49 IST
Reason: KSMART